നം.എസ് 2(എ) 30220/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
ഫോൺ നമ്പർ: 0471 2580544,2580545
email: dpistatistics@gmail.com
തീയതി :22.05.2018.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - 2018-19 അധ്യയന വർഷത്തിൽ ആറാം പ്രവൃത്തി ദിനത്തിൽ കുട്ടികളുടെ കണക്കെടുക്കുന്നത് സംബന്ധിച്ച്.

ആറാം പ്രവൃത്തി ദിനത്തിൽ സംസ്ഥാന സിലബസിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) എന്നീ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ 2018-19 അധ്യയന വർഷവും ഓൺലൈനായി സ്കൂളുകളിൽ നിന്നും ശേഖരിക്കുന്നതാണ്. ഓൺലൈനായി വിവരം നൽകാനുള്ള സൗകര്യം 21.05.2018 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. വിവരശേഖരണം നടത്തുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഓരോ സ്കൂളും ആറാം പ്രവൃത്തിദിനത്തിൽ 1 മണിക്ക് മുൻപായി കൈറ്റ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സമ്പൂർണ്ണ സോഫ്റ്റ്‌വെയർ മുഖേന 2018-19 അധ്യയന വർഷത്തെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകേണ്ടതാണ്.
2. എ.ഇ.ഒ/ഡി.ഇ.ഒ. മാർ തങ്ങളുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ നിന്നും ഓൺലൈനായി നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം അതാത് ജില്ലാ ഓഫീസിലേക്ക് അന്നേ ദിവസം 2 മണിക്കു മുമ്പായി കൈമാറേണ്ടതാണ്.
3. ജില്ലാ ഓഫീസുകൾ എ.ഇ.ഒ/ഡി.ഇ.ഒ. ഓഫീസുകളിൽ നിന്നും നൽകിയിട്ടുള്ള തങ്ങളുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് അന്നേ ദിവസം 3 മണിക്കു മുമ്പായി നൽകേണ്ടതാണ്.
4. ആറാം പ്രവൃത്തിദിനത്തിൽ സംസ്ഥാന സിലബസിൽ പഠിക്കുന്ന കുട്ടികളുടെ കണക്ക് ഡയറക്ടറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അനലൈസ് ചെയ്ത് അന്നേ ദിവസം 5 മണിക്കു മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതാണ്.
5. അധ്യയന വർഷത്തിൽ ആറാം പ്രവൃത്തിദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കർശനമായും പാലിക്കേണ്ടതാണ്.

(മറുപുറം)

ആറാം പ്രവൃത്തിദിനത്തിൽ ശേഖരിക്കുന്ന കുട്ടികളുടെ കണക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരമില്ലാതെ എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ/മറ്റ്അനുബന്ധ ഓഫീസുകൾ മുതലായവർ ഒരു ഏജൻസിക്കും കൈമാറരുത്.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ ഡയറക്ടർ

അംഗീകാരത്തോടെ

റിസർച്ച് ഓഫീസർ

സ്വീകർത്താവ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@ സ്കൂൾ,-
2. ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ,
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
4. ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്, എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകൾക്കും (എ.ഇ.ഒ/ഡി.ഇ.ഒ. മുഖേന)